**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് നിന്നും വിട്ടുപോകുന്ന സാഹചര്യത്തിൽ, സംരംഭകരുടെ പരാതികൾ ഫലപ്രദമായി പരിഹരിക്കുന്നതിനു വേണ്ടി ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | വ്യവസായ സംരംഭങ്ങൾ സംസ്ഥാനം വിട്ടു പോകുന്ന പൊതുസാഹചര്യം നിലനിൽക്കുന്നില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി ഒരു നിയമനിർമ്മാണം നടത്തുവാൻ 20.05.2021 ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ